# The Lord’s shade (Jonah 4:5-6)

## (ദൈവത്തിന്റെ തണൽ (യോന 4:5-6)

**Week 2**



ടൈറ്റാനിക് എന്ന ഭീമൻ കപ്പൽ മനുഷ്യന്റെ ബുദ്ധി സാമർത്ഥ്യത്തിന്റെയും എഞ്ചിനീയറിംഗ് വൈദഗ്ദ്യത്തിന്റെയും പര്യായമാണെന്ന് ലോകം വിലയിരുത്തി. ലോകത്തിലെ സമ്പന്നസമൂഹം അതിന്റെ തണലിൽ ആഹ്ളാദഭരിതരായി ഉല്ലാസയാത്രയ്ക്ക് തയ്യാറായി പുറപ്പെട്ടു. പ്രകൃതിയുടെ വികൃതി അതിനോട് ഒന്നും ചെയ്യാനാവാത്താവിധം സുരക്ഷിതരാണെന്ന് യാത്രക്കാർ വിശ്വസിച്ചിരുന്നു.എന്നാൽ യാത്ര തുടങ്ങി മണിക്കൂറുകൾ കഴിയും മുമ്പേ ദൈവസൃഷ്ടിയാം മഞ്ഞുമല അവരുടെ തണലിനെ നശിപ്പിച്ചു. ടൈറ്റാനിക് തകർന്നു.ആ തണലില ഭയം തേടിയ ഭൂരിഭാഗം പേരും മരണത്തെപുൽകി. ഭീമൻ കപ്പലിന് യാത്രീകരുടെ ജീവന് തണലാകുവാൻ കഴിഞ്ഞില്ല.ഇന്ത്യയുടെ ശക്തി ലോകരാഷ്ട്രങ്ങൾക്ക് മുമ്പിൽ തെളിയിച്ച ഇന്ത്യയുടെ കരുത്തരായ പ്രധാനമന്ത്രിമാരായ ഇന്ദിരാഗാന്ധിയുടേയും മകനായ രാജീവ്ഗാന്ധിയുടെയും ദാരുണമരണം ഇന്ത്യൻ ജനത മറന്നിട്ടില്ല.അവർക്ക് തണലും സംരക്ഷണവും നൽകേണ്ടവർക്ക് അവരെ സംരക്ഷിപ്പാൻ കഴിയാതെ പോയി.

നീനെവേയ്ക്ക് വരുന്ന നാശം പ്രവചിച്ചു കേട്ടപ്പോൾ, ജനം തെറ്റു തിരുത്തി ഉപവസിച്ച് പ്രാർത്ഥിച്ചു. അവരുടെ പ്രാർത്ഥ നയുംപ്രവർത്തിയും കണ്ട ദൈവം അനുതപിച്ചു എന്ന് മാത്രമല്ല , വരു ത്തുമെന്നു പറഞ്ഞ ശിക്ഷ വരുത്തിയതുമില്ല. പട്ടണത്തിന്റെ നാശം കാണുവാൻ നഗരത്തിന്റെ കിഴക്ക് കുടിലുണ്ടാക്കി കാത്തിരുന്ന യോനെയ്ക്ക് ഇത് അനിഷ്ടമായി.അകത്തും പുറത്തും കഠിനചൂട് അനുഭവപ്പെട്ട യോനയ്ക്ക് ആശ്വാസമാകുവാൻ യഹോവ ഒരു ആവ ണക്ക് തണലിനായി കല്പിച്ചാക്കി. യോന ആവണക്കു നിമിത്തം സന്തോ ഷിക്കുകയും ചെയ്തു. യോന സ്വയം ഉണ്ടാക്കിയ തണൽ അവന് സന്തോഷം നൽകിയില്ല. ദുർമ്മാർഗ്ഗം വിട്ട് തിരിഞ്ഞു എന്ന് അവരുടെ പ്രവർത്തികളിൽ കണ്ട ദൈവം , വരുത്തുമെന്ന് പറഞ്ഞ അനർത്ഥം വരുത്താത്തതിൽ നിരാശനായ യോന ദൈവത്തോട് കോപിച്ചത് തെറ്റ് എന്ന് അവനെ പഠിപ്പിക്കുവാൻ , ദൈവം ഒരു പുഴുവിനെ കല്പിച്ചാക്കി. അത് ആവണക്ക് കുത്തിക്കളഞ്ഞു. കൂടാതെ ശക്തമായ കിഴക്കൻകാറ്റ് വെയിലിന്റെ കഠിനത വർദ്ധിപ്പിക്കുകയും ചെയ്തു.

സ്വന്തകർമ്മങ്ങളാൽ രക്ഷനേടാമെന്ന് വ്യാമോഹിക്കുന്ന മനുഷ്യന്റെ സ്വഭാവത്തെയാണ് യോനയുടെ കുടിൽ നമ്മെ പഠിപ്പിക്കുന്നത്. ദൈവത്തിന്റെ തണലായ യേശുക്രിസ്തുവിലൂടെ ദൈവം ഒരുക്കിയ സൗജന്യരക്ഷയാണ് നമ്മുടെ യഥാർത്ഥ തണൽ.യോന പട്ടണത്തിന് കിഴക്ക് കൂടാരം ഉണ്ടാക്കിയെങ്കിൽ പണ്ട് യഹോവയാം ദൈവം കിഴക്ക് ഏദനിൽ ഒരു തോട്ടമുണ്ടാക്കി ആദ്യമാതാപിതാക്കളെ പാർപ്പിച്ചു. അനു സരണക്കേടിനാൽ , സൗഭാഗ്യം നൽകിയ ആ തണൽ അവർ നഷ്ടപ്പെ ടുത്തി .ദൈവം അവരെ ഏദനിൽ നിന്ന് പുറത്താക്കി. ഒരു വ്യക്തി ഉണ്ടാക്കുന്ന തണൽ അവനും അവന്റെ കുടുംബത്തിനും മാനാപമാന ങ്ങൾക്ക് കാരണമാകാം. ദൈവത്താലുള്ള മാനത്തേക്കാൾ മനുഷ്യരാ ലുള്ള മാനത്തെ അധികം സ്നേഹിക്കുന്നവർക്ക് (യോഹ:12:43) ദൈവീക തണൽ നഷ്ടമാകുന്നു. ഒരു തിരഞ്ഞെടുപ്പിനുള്ള സമയം നമ്മുടെ മുമ്പിലെത്തിയിരിക്കുന്നു. മനുഷ്യ നിർമ്മിത തണലിൽ ആശ്രയം വച്ച് ജീവിതം നശിപ്പിക്കണോ അതോ ദൈവത്തിന്റെ തണലിലാശ്രയിച്ച് ബലപ്പെടണമോ ? മറുപടിയ്ക്കായി സങ്കീ (91:1) വായിക്കുക. അതിനായി ദൈവം നമ്മെ ഒരുക്കട്ടെ

## <u>പ്രാർത്ഥന</u>

കർത്താവേ ! വ്യക്തികളോ , ധനസമൃദ്ധിയോ യാതൊന്നും യഥാർത്ഥ തണലല്ല എന്ന് പഠിപ്പിച്ചതിനായി സ്തോത്രം. അങ്ങയോട് ചേർന്ന് നടന്ന് ആ തണലിലഭയം തേടുവാൻ ഞങ്ങളെ സഹായിക്കേ ണമേ. യേശുവിൻ നാമത്തിൽ തന്നെ. ആമേൻ

Santhamma Varghese